KSFE

**ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**
**(ഒരു കേരള സർക്കാർ സ്ഥാപനം)**
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, **www.ksfe.com**

| **പ്രേഷിതൻ** | **സ്വീകർത്താവ്** |
|---|---|
| **അസിസ്റ്റന്റ് ജനറൽ മാനേജർ (പ്ലാനിങ്ങ്)**<br>**ഹെഡ് ഓഫീസ്, തൃശ്ശൂർ** | **എല്ലാ മേഖലാ / ശാഖാ തലവൻമാർക്കും** |

സൂചന:3006/Plg തിയ്യതി : 02.06.2025

വിഷയം : കെ.എസ്.എഫ്.ഇ. യിൽ ഗോൾഡ് അപ്രൈസർ നിയമനത്തിന്റെ ഭാഗമായി അപ്രൈസർമാരുമായി ഏർപ്പെടുന്ന മലയാളത്തിലുള്ള കരാർ സംബന്ധിച്ച്.

** ** **

കെ.എസ്.എഫ്.ഇ. യിൽ സ്വർണ്ണത്തിന്റെ പരിശോധനയും മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ചുമതലകൾ നിർവ്വഹിച്ച് വരുന്ന ഗോൾഡ് അപ്രൈസർമാരുമായി കമ്പനി ഏർപ്പെട്ടു വന്നിരുന്ന കരാർ ഇംഗ്ലീഷ് ഭാഷയിലുള്ളതാണ്. **'ഭരണഭാഷ മാതൃഭാഷ'** എന്ന സർക്കാർ നയത്തിന്റെ ഭാഗമായി ഈ കരാർ മലയാളത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഇനി മുതൽ ഗോൾഡ് അപ്രൈസർമാരുമായി കരാർ ഒപ്പ് വെയ്ക്കുന്നതിന് ഇതോടൊപ്പം ചേർത്തിട്ടുള്ള മലയാള ഭാഷയിലുള്ള കരാറിന്റെ മാതൃക ഉപയോഗിക്കേണ്ടതാണ്.

**എ.ജി.എം. (പ്ലാനിങ്ങ്)**

20........(വർഷം) -----------(മാസം) ----------------(തിയ്യതി) തൃശ്ശൂർ ആസ്ഥാനമായുള്ള കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ----------------------ശാഖയിലെ ശാഖാ മാനേജർ (ഒന്നാം കക്ഷി) ---------------------ജില്ല ----------------------താലൂക്ക് ----------------------വില്ലേജിൽ --------------------------------വീട്ടിൽ ----------------------എന്നയാളുടെ മകൻ /മകൾ ആയ ശ്രീ / ശ്രീമതി -----------------------(പേര്) (ആധാർ നമ്പർ ----------------------------)( രണ്ടാം കക്ഷി) -----------------------------ശാഖയിലെ അപ്രൈസർ ആയി താഴെ പറയുന്ന നിബന്ധനകളും നിയമങ്ങളും പരസ്പരധാരണയോടെ അംഗീകരിച്ച് ഒപ്പ് വെയ്ക്കുന്ന ധാരണാപത്രം.

1. കെ.എസ്.എഫ്.ഇ. യിലെ സ്വർണ്ണപ്പണയ വായ്പകൾക്കും ചിട്ടികൾക്കും മറ്റ് സ്കീമുകൾക്കും ജാമ്യം വെയ്ക്കുന്ന സ്വർണ്ണ ഉരുപ്പിടികളുടെ മൂല്യ നിർണ്ണയത്തിനായി കരാർ അടിസ്ഥാനത്തിൽ കമ്മീഷൻ വ്യവസ്ഥയിൽ ഒന്നാം കക്ഷി രണ്ടാം കക്ഷിയുടെ ------------------തിയ്യതിയിലെ അപേക്ഷ പ്രകാരം അപ്രൈസർ ആയി ചുമതലപ്പെടുത്തിയിരിക്കുന്നു.
2. രണ്ടാം കക്ഷി, സ്വർണ്ണ ഉരുപ്പിടിയുടെ മൂല്യ നിർണ്ണയം നടത്തി കെ.എസ്.എഫ്.ഇ. യുടെ അപ്രൈസർ ആയി സേവനം അനുഷ്ഠിക്കേണ്ടതും ഒന്നാം കക്ഷി ചെയ്യാൻ ആവശ്യപ്പെടുന്ന അല്ലെങ്കിൽ ഒരു അപ്രൈസർ സാധാരണയായി ചെയ്യുന്ന എല്ലാ ജോലികളും സമയ നിഷ്ഠയോടെ കൃത്യമായും ശ്രദ്ധയോടും കൂടി നൽകിയിരിക്കുന്ന വ്യവസ്ഥയ്ക്ക് വിധേയമായി ചെയ്യേണ്ടതുമാണ്.
3. രണ്ടാം കക്ഷി എല്ലായ്പ്പോഴും ഒന്നാം കക്ഷിയുടെ നിർദ്ദേശാനുസരണം ഓഫീസ് പ്രവർത്തിക്കുന്ന മുഴുവൻ സമയവും സത്യസന്ധമായും വിശ്വസ്തമായും ശരിയായും നിഷ്പക്ഷമായും ഒന്നാം കക്ഷിയോടും ഉപഭോക്താക്കളോടും കെ.എസ്.എഫ്.ഇ.യിലെ മറ്റ് ഉദ്യോഗസ്ഥരോടും പെരുമാറേണ്ടതുമാണ്.
4. സ്വർണ്ണാഭരണങ്ങൾ പണയം/ജാമ്യം സ്വീകരിക്കുമ്പോൾ അപ്രൈസർ ഫീസ് ആയി വായ്പാത്തുകയുടെ / മേൽ ബാധ്യതയുടെ 0.35% ആണ് നിശ്ചയിച്ചിട്ടുള്ളത്. ഇത് നിബന്ധനകൾക്ക് വിധേയമായി കുറഞ്ഞ തുക 50/- രൂപയും കൂടിയ തുക 350/- രൂപയുമാണ്. അപ്രൈസർ ഫീസ് കാലാകാലങ്ങളിൽ കെ.എസ്.എഫ്.ഇ. ഇറക്കുന്ന സർക്കുലറുകൾക്ക് വിധേയമായി മാറ്റങ്ങൾ വരുത്തുന്നതിന് ഒന്നാം കക്ഷിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അതനുസരിച്ച് പ്രവർത്തിക്കുന്നതിന് രണ്ടാം കക്ഷി ബാധ്യസ്ഥമായിരിക്കുന്നതുമാണ്.
5. നിലവിൽ പണയമായി / ജാമ്യമായി വെച്ചിട്ടുള്ള ആഭരണങ്ങൾ മാറ്റമൊന്നും കൂടാതെ പുതുക്കുമ്പോൾ / വീണ്ടും ജാമ്യം വെയ്ക്കുമ്പോൾ /ഒരു ഭാഗം എടുക്കുമ്പോൾ അപ്രൈസർ ഫീ ഈടാക്കുന്നതല്ല. എന്നാൽ പുതുക്കുകയും / ജാമ്യം വെയ്ക്കുകയും ചെയ്യുന്ന എഗ്രിമെന്റിൽ എല്ലാം തന്നെ രണ്ടാം കക്ഷി തന്റെ (seal ഓട് കൂടി) ഒപ്പ് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.
6. സ്വർണ്ണപ്പണയ വായ്പ, ചിട്ടി അല്ലെങ്കിൽ കമ്പനിയുടെ മറ്റ് സ്കീമുകൾക്കായി ഇടപാടുകാർ കൊണ്ടു വരുന്ന സ്വർണ്ണ ഉരുപ്പിടികൾ ഒന്നാം കക്ഷിയുടെ നിർദ്ദേശം അനുസരിച്ച് രണ്ടാം കക്ഷി അവയുടെ ശുദ്ധത, തൂക്കം, ഗുണനിലവാരം, മറ്റ് സവിശേഷതകൾ എന്നിവയെക്കുറിച്ച് കൃത്യമായ വിവരം നൽകേണ്ടതാണ്. സ്വർണ്ണപ്പണയത്തിനായി നൽകുന്ന സ്വർണ്ണാഭരണങ്ങളുടെ തൂക്കം രണ്ടാം കക്ഷി ജാഗ്രതയോടും ഒന്നാം കക്ഷി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായും ഭയമോ പ്രീതിയോ കൂടാതെ ശരിയായ മൂല്യ നിർണ്ണയം നടത്തി റിപ്പോർട്ട് നൽകേണ്ടതാണ്.
7. എല്ലാ മാസവും അപ്രൈസർ ഫീസിൽ (ബാധകമായ നിരക്കിൽ TDS ഈടാക്കിയതിനു ശേഷം) 10% നോൺ റീഫണ്ടബിൾ സുഗമ അക്കൗണ്ടിൽ നിലനിർത്തിയതിനുശേഷം ബാക്കി രണ്ടാം കക്ഷിയ്ക്ക് നൽകുന്നതാണ്. നോൺ റീഫണ്ടബിൾ സുഗമ അക്കൗണ്ടിൽ നില നിൽക്കുന്ന തുക എല്ലാ വർഷവും പലിശയും ചേർത്ത് രണ്ടാം കക്ഷിയുടെ പേരിൽ സ്ഥിര നിക്ഷേപം ആക്കേണ്ടതും അത് ഒന്നാം കക്ഷിയുടെ പക്കൽ സൂക്ഷിക്കേണ്ടതുമാണ്.
8. രണ്ടാം കക്ഷി ജാമ്യ സ്വർണ്ണാഭരണങ്ങളുടെ പരിശുദ്ധി ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഏതെങ്കിലും വിധത്തിലുള്ള നഷ്ടം കെ.എസ്.എഫ്.ഇ. യ്ക്കുണ്ടായാൽ രണ്ടാം കക്ഷിയുടെ പേരിലുള്ള മേൽ പറഞ്ഞ സ്ഥിര നിക്ഷേപത്തിൽ നിന്നോ നോൺ റീഫണ്ടബിൾ സുഗമ അക്കൗണ്ടിൽ നിന്നോ ഒന്നാം കക്ഷി ഈടാക്കുന്നതാണ്. കാലാകാലങ്ങളിൽ നോൺ റീഫണ്ടബിൾ സുഗമ, സ്ഥിര നിക്ഷേപം എന്നിവ സംബന്ധിച്ച വ്യവസ്ഥകളിൽ ആവശ്യാനുസരണമായ മാറ്റങ്ങൾ വരുത്തുന്നതിന് ഒന്നാം കക്ഷിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അതനുസരിച്ച് പ്രവർത്തിക്കുന്നതിന് രണ്ടാം കക്ഷി ബാധ്യസ്ഥമായിരിക്കുന്നതുമാണ്.

9. ശാഖാ ചുമതലക്കാരൻ കൂടി ആയിട്ടുള്ള ഒന്നാം കക്ഷി പ്രസ്തുത ശാഖയ്ക്കുള്ളിൽ പ്രത്യേകമായി അനുവദിച്ച് നൽകിയിട്ടുള്ള ഇടമായിരിക്കണം അപ്രൈസർ പ്രവൃത്തി ചെയ്യുന്നതിനായി രണ്ടാം കക്ഷി ഉപയോഗിക്കേണ്ടത്.

10. രണ്ടാം കക്ഷിയ്ക്ക് ശാഖയ്ക്കകത്ത് അനുവദിച്ചിരിക്കുന്ന സ്ഥലത്തും സമയത്തും വെച്ചല്ലാതെ ഒരു ഉപഭോക്താവിൽ നിന്നും ഒന്നാം കക്ഷിയ്ക്ക് പണയപ്പെടുത്തുവാനായി കൊണ്ടു വരുന്ന സ്വർണ്ണ ഉരുപ്പിടികൾ രണ്ടാം കക്ഷി സ്വീകരിക്കുവാൻ പാടുള്ളതല്ല.

11. രണ്ടാം കക്ഷി ശാഖയുടെ പുറത്തു നിന്ന് സ്വർണ്ണ ഉരുപ്പിടികൾ ഒന്നും തന്നെ ഒന്നാം കക്ഷിയുടെ ഓഫീസിലേയ്ക്ക് കൊണ്ടു വരുവാൻ പാടുള്ളതല്ല. ഒന്നാം കക്ഷിയോ, ഒന്നാം കക്ഷിയിലെ മറ്റ് ഉദ്യോഗസ്ഥരോ ഉപഭോക്താക്കളോ രണ്ടാം കക്ഷിയെ ഏൽപ്പിച്ച സ്വർണ്ണ ഉരുപ്പിടികളിൽ മാറ്റങ്ങൾ വരുത്തുകയോ, സ്വന്തമോ, മറ്റുള്ളവരുടെയോ സ്വർണ്ണ ഉരുപ്പിടികളുമായി കൂട്ടികലർത്തുവാനോ പാടുള്ളതല്ല. അവയുടെ മൂല്യനിർണ്ണയം നടത്തി നിലവിലുള്ള അവസ്ഥയിൽ തന്നെ അവ ശാഖാ മാനേജർക്കോ ഉദ്യോഗസ്ഥർക്കോ തിരികെ നൽകേണ്ടതാണ്. കൂടാതെ ഉപഭോക്താക്കളോ ഒന്നാം കക്ഷിയോ നൽകിയ സ്വർണ്ണ ഉരുപ്പിടികൾ നാശമോ നഷ്ടമോ ഉണ്ടാക്കാതെ ശ്രദ്ധയോടും കരുതലോടും കൂടി കൈകാര്യം ചെയ്യേണ്ടതുമാണ്.

12. രണ്ടാം കക്ഷി ഒന്നാം കക്ഷിയ്ക്കു വേണ്ടി നടത്തുന്ന പ്രവൃത്തിയുടെ ഭാഗമായി ഏതെങ്കിലും വ്യക്തിയിൽ നിന്ന് നേരിട്ടോ അല്ലാതെയോ പ്രോത്സാഹനങ്ങൾ, സമ്മാനം, കമ്മീഷൻ മുതലായവ പണമായോ മറ്റേതെങ്കിലും തരത്തിലോ സ്വീകരിക്കാൻ പാടുള്ളതല്ല.

13. രണ്ടാം കക്ഷിയുടെ അശ്രദ്ധ, നിരുത്തരവാദപരമായ പെരുമാറ്റം, കടമയുടെ ലംഘനം, സ്വർണ്ണത്തിന്റെ ശുദ്ധിയെ സംബന്ധിച്ച് തെറ്റായി വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ മൂലം ഒന്നാം കക്ഷിയ്ക്ക് നാശമോ, നഷ്ടമോ ഉണ്ടാക്കുന്നുവെങ്കിൽ ഒന്നാം കക്ഷിയ്ക്ക് സംഭവിച്ച എല്ലാ കഷ്ട നഷ്ടങ്ങൾക്കും നഷ്ട പരിഹാരം നൽകാൻ രണ്ടാം കക്ഷി ബാധ്യസ്ഥനായിരിക്കും.

14. രണ്ടാം കക്ഷി ജോലി ചെയ്യുന്ന ശാഖകളിൽ അവരുടെ ജീവിത പങ്കാളിയോ, മക്കളോ, സഹോദരങ്ങളോ, മാതാപിതാക്കളോ കെ.എസ്.എഫ്.ഇ. സ്കീമുകളിൽ സ്വർണ്ണാഭരണങ്ങൾ ഈടായി വെയ്ക്കാൻ പാടുള്ളതല്ല.

15. രണ്ടാം കക്ഷി (i) ഈ കരാറിലെ വ്യവസ്ഥകളെ ലംഘിക്കുന്നതോ (ii) ഒന്നാം കക്ഷിയുടെ താല്പര്യങ്ങൾക്കോ ക്ഷേമത്തിനോ ഉയർച്ചയ്ക്കോ പദവിക്കോ കോട്ടം തട്ടുന്നതായതോ (iii) രണ്ടാം കക്ഷിയുടെ മേലുള്ള വിശ്വസ്യതയെ ഹനിക്കുന്നതോ (iv) ഒന്നാം കക്ഷിയ്ക്ക് ഏതു വിധത്തിലും നഷ്ടം നേരിടുന്നതോ ആയ ഒരു പ്രവൃത്തിയിലും നേരിട്ടോ അല്ലാതെയോ സ്വയമോ മറ്റാരുടെയെങ്കിലും പ്രേരണയാലോ ഏർപ്പെടുവാൻ പാടുള്ളതല്ല.

16. ശാഖകളുടെ സ്വർണ്ണ വായ്പയുടെ ബിസിനസ്സ് അടിസ്ഥാനമാക്കിയാകണം അപ്രൈസറുടെ ഫിഡിലിറ്റി ഇൻഷ്വറൻസ് ഗ്യാരണ്ടിയുടെ പരിധി നിശ്ചയിച്ച് നടപ്പിലാക്കുന്നതാണ്.

17. രണ്ടാം കക്ഷി 65 വയസ്സ് പൂർത്തിയാകുന്നതുവരെ ഗോൾഡ് അപ്രൈസർ എന്ന നിലയിൽ പ്രവർത്തിക്കാവുന്നതാണ്.

18. ഒന്നാം കക്ഷിയുടെ അനുവാദമില്ലാതെ തന്റെ സേവനത്തിൽ നിന്ന് രണ്ടാം കക്ഷി സ്വയം വിട്ടു നിൽക്കുകയോ, തെറ്റായി പെരുമാറുകയോ കരാറുകൾ ലംഘിക്കുകയോ ചെയ്താൽ ഒന്നാം കക്ഷിയ്ക്ക് മുന്നറിയിപ്പില്ലാതെ ഏത് സമയത്തും രണ്ടാം കക്ഷിയുടെ സേവനം അവസാനിപ്പിക്കാവുന്നതാണ്. ഇതൊന്നും അല്ലാത്ത സാഹചര്യത്തിൽ രണ്ടാം കക്ഷിയ്ക്ക് 30 ദിവസം മുൻപ് രേഖാമൂലം ഒന്നാം കക്ഷിയ്ക്ക് അറിയിപ്പ് നൽകി കൊണ്ട് സ്വയം കരാർ അവസാനിപ്പിക്കാവുന്നതാണ്. മുൻഗണനാ, സീനിയോരിറ്റി എന്നിവ സംബന്ധിച്ച് ഒന്നാം കക്ഷിയുമായി ഭാവിയിൽ ഒരു തരത്തിലുമുള്ള അവകാശവാദങ്ങളും രണ്ടാം കക്ഷി ഉന്നയിക്കുവാൻ സാധിക്കുന്നതല്ല.

1. ശാഖാ മേധാവി (ഒന്നാം കക്ഷി)
   (സീലും ഒപ്പും)

2. അപ്രൈസർ (രണ്ടാം കക്ഷി) (പേരും വിലാസവും)
   (ഒപ്പും)

സാക്ഷികൾ

1.

2.